പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1789 10.02.2020-ലെ മറുപടിക്ക്

# ഒറ്റപ്പാലം മണ്ഡലത്തിലെ ട്രാഫിക് സിഗ്നൽ സംവിധാനം

| | ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഒറ്റപ്പാലം ടൗൺ ഭാഗത്തും, പാലക്കാട് കുളപ്പുള്ളി കെ.എസ്.ടി .പി. പാതയിലെ ലക്കിടി കൂട്ടുപാതയിലും ഇലക്ട്രോണിക് ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | (എ) | പാലക്കാട് കുളപ്പുള്ളി സംസ്ഥാനപാതയിലെ ലക്കിടി കൂട്ടുപാത ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ബഹു.എം.എൽ.എ. സമർപ്പിച്ച നിവേദനത്തെ തുടർന്ന് സംസ്ഥാന പോലീസ് മേധാവിയോട് പ്രസ്തുത കാര്യത്തിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സിവിൽ പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചശേഷമേ ഇതിന് വേണ്ട ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ എന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം മാത്രമേ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്ഥലങ്ങളിൽ ഇലക്ട്രോണിക് ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ? | (ബി) | റോഡ് സുരക്ഷാ കമ്മീഷണറുടെ 26.12.2019 തീയതിയിലെ കത്ത് മുഖേന സംസ്ഥാന പോലീസ് മേധാവിയോടും ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ്) വകുപ്പിനോടും സിവിൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ആരാഞ്ഞിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സിവിൽ പ്രവർത്തികൾ പൂർത്തിയാകുകയും ഇലക്ട്രിക്കൽ സംവിധാനം സ്ഥാപിക്കാനുള്ള സാഹചര്യം നിലവിൽ വരികയും ചെയ്യുന്ന മുറയ്ക്ക് സംസ്ഥാന പോലീസ് മേധാവി മുഖേനയോ DRSC മുഖേനയോ സിഗ്നൽ സംവിധാനം സ്ഥാപിക്കാനുള്ള പ്രൊപ്പോസൽ കേരള റോഡ് സേഫ്റ്റി ഫണ്ടിങ്ങിനായി സമർപ്പിക്കാൻ നിർദ്ദേശം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**